# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.979 — 30.11.2018 ലെ മറുപടി

### മലപ്പുറം ജില്ലയിലെ കക്കാടം പൊയ്യയിൽ ചീങ്കണ്ണിപ്പാലയിലെ തടയണ

| ചോദ്യം<br>ശ്രീ.അനിൽ അക്കര: | മറുപടി<br>കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) മലപ്പുറം ജില്ലയിലെ കക്കാടം പൊയ്യയിൽ ചീങ്കണ്ണിപ്പാലയിൽ അബ്ദുൽ ലത്തീഫിന്റെ ഭൂമിയിൽ തടയണ നിർമ്മിച്ചത് അതിനാവശ്യമായ അനുമതി വാങ്ങിയ ശേഷമായിരുന്നോ ; | (എ) മലപ്പുറം ജില്ലയിലെ കക്കാടം പൊയ്യയിൽ ചീങ്കണ്ണിപ്പാലയിൽ ശ്രീ.അബ്ദുൾ ലത്തീഫിന്റെ ഭൂമിയിൽ തടയണ നിർമ്മിക്കാൻ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുമതി നല്കിയിട്ടില്ല. |
| (ബി) പ്രസ്തുത തടയണ പൊളിക്കണമെന്ന ജില്ല കളക്ടറുടെ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ; | (ബി) പ്രസ്തുത തടയണ പൊളിക്കണമെന്ന ജില്ലാ കളക്ടറുടെ ഉത്തരവ് നടപ്പിലാക്കിയിട്ടില്ല. ബഹു.കേരള ഹൈക്കോടതി പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട്. |
| (സി) പ്രളയ സമയത്ത് തടയണകളിലെ വെള്ളം ഉടമകൾ ഒഴുക്കി കളഞ്ഞുവെന്ന് ജില്ല കളക്ടർ ഉറപ്പാക്കണമെന്ന ഉത്തരവ് ഈ തടയണയുടെ കാര്യത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;ഇല്ലെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്തായിരുന്നു;വ്യക്തമാക്കുമോ ? | (സി) മൺസൂൺ കാലത്ത് ഈ തടയണയിൽ നിന്ന് ജലം ഒഴുക്കി വിടുന്നതിനായി 10.07.2018 ലെ WP (C) No.41156/2017) ബഹു.ഹൈക്കോടതി വിധിയുടെയും 12.07.2018 ലെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടന്ന വിദഗ്ധ സമിതി യോഗത്തിന്റെയും അടിസ്ഥാനത്തിൽ വിദഗ്ധ സമിതി 12.07.2018 ന് സ്ഥലം സന്ദർശിച്ച വേളയിൽ തന്നെ ഉടമ തടയണയുടെ ഒരു ഭാഗം പൊളിച്ച് വെള്ളം ഒഴുക്കി വിടാനുള്ള ക്രമീകരണം ചെയ്തിരുന്നു. കൂടാതെ 03.11.2018 ലെ സ്റ്റേറ്റ് അറ്റോർണിയുടെ നിർദ്ദേശപ്രകാരം 13.11.2018 ന് വീണ്ടും വിദഗ്ധ സമിതി സ്ഥലം സന്ദർശിക്കുകയും തടയണയുടെ പൊളിച്ച ഭാഗം വീതിയും ആഴവും കൂട്ടി കൂടുതൽ ജലം ഒഴുക്കി വിടാനുള്ള ശുപാർശ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ